"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള ജില്ലാതല കമ്മിറ്റിയുടെ സാമ്പത്തിക പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ.(സാധാ) നം.2996/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/11/2018

പരാമർശം:- 1 സ ഉ (സാധാ) നം. 2137/2018/തസ്വഭവ തീയതി 03/08/2018

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.10.18-ലെ ഡി.ബി3-753/2012/സിഇ/തസ്വഭവ നം കത്ത്

3 31/10/2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പൊതുവിഷയങ്ങളിലെ തീരുമാനം 3.24

**ഉത്തരവ്**

18/7/2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം(1)ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള ജില്ലാതല കമ്മിറ്റിയുടെ സാമ്പത്തിക പരിധി 20 ലക്ഷം രൂപയായി ഉയർത്തിയിരുന്നു.

2.നഗരസഭകളുടെ AMRUT പദ്ധതിയിൽ ഉൾപ്പെട്ട മിക്കവാറും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക 20 ലക്ഷം രൂപയിൽ അധികമായി വരുന്നതിനാൽ പരിധി ബാധകമാക്കാതെ സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാതല കമ്മിറ്റിയെ ചുമതലപ്പെടുത്തണമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനീയർ 31/10/2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. സൂപ്രണ്ടിംഗ് എൻജിനീയറുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിധി എത്രയാണോ ആയത് ജില്ലാതല കമ്മിറ്റിക്കും ബാധകമാക്കാൻ കോർഡിനേഷൻ കമ്മിറ്റി പരാമർശം(3) പ്രകാരം തീരുമാനിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(3)ലെ

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സൂപ്രണ്ടിംഗ് എൻജിനീയർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിധി ജില്ലാതല കമ്മിറ്റിക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ജില്ലാതലത്തിൽ അല്ലാതെ മറ്റുതലത്തിൽ (ഉദാ. കോർപ്പറേഷൻ തലത്തിൽ) കമ്മിറ്റികൾ രൂപീകരിക്കേണ്ടതില്ല എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
**സ്പെഷ്യല് സെക്രട്ടറി**

ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

നഗരകാര്യ ഡയറക്ടർ

മിഷൻ ഡയറക്ടർ, അമൃത്

പഞ്ചായത്ത് ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)

തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ